പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1441

14/12/2012 - ൽ മറുപടിയ്ക്ക്

## പി . എം. ജി . എസ് .വൈ പ്രകാരമുള്ള റോഡ് നിർമ്മാണം

| ചോദ്യം<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ഉത്തരം<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
|---|---|
| (എ) പി. എം. ജി. എസ്.വൈ 2004-2005 ഫേസ് IV, പാക്കേജ് കെ.ആർ.-1208 പ്രകാരം കല്ലിയോട് - വടക്കേക്കോണം റോഡിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ; | (എ) പി.എം.ജി.എസ്.വൈ പദ്ധതിയിൽ 2004-2005 ഫേസ് IV ൽ പാക്കേജ് നമ്പർ കെ.ആർ.12-08 ൽ ഉൾപ്പെട്ട കല്ലിയോട് വടക്കേക്കോണം റോഡ് പണിക്കായി 29,25,991/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത റോഡിന്റെ പണി ഏത് കരാറുകാരനെയാണ് ഏല്പിച്ചിട്ടുള്ളത് ; | (ബി) പ്രസ്തുത റോഡിന്റെ പണി വി.ബിൽഡേഴ്സ് എന്ന കരാർ കമ്പനിയാണ് ഏറ്റെടുത്തിട്ടുള്ളത് |
| (സി) പ്രസ്തുത റോഡിന്റെ പണി പൂർത്തിയായോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; | (സി) ഇല്ല.<br>പ്രവർത്തികളിൽ നിർമ്മാണ പുരോഗതി ഇല്ലാത്തതിനാൽ ടി പ്രവർത്തി ഏറ്റെടുത്ത വി-ബിൽഡ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കുകയുണ്ടായി |
| (ഡി) കരാറുകാരന് ഇതുവരെ എന്തു തുക നല്കിയെന്ന് വ്യക്തമാക്കുമോ ; | (ഡി) കരാറുകാരന് ഇതുവരെ 20.16 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. |
| (ഇ) പണി പൂർത്തിയാക്കിയിട്ടില്ലായെങ്കിൽ കരാറുകാരനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന വിവരം ലഭ്യമാക്കുമോ ; | (ഇ) നടപടിയൊന്നും സ്വീകരിച്ചിട്ടില്ല |

(എഫ്) പ്രസ്തുത റോഡുപണി പൂർത്തീ കരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

04/06/2012-ൽ നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി ഗ്രാമവികസന കമ്മീഷണറുടെ അധ്യക്ഷതയിൽ ചേർന്ന യോഗം ടി പ്രവൃത്തികളുടെ പുരോഗതി വിശകലനം ചെയ്യുകയും 2011 ഷെഡ്യൂൾ ഓഫ് റേറ്റ് നിലനിൽക്കുന്നതിനാലും 2008 ഷെഡ്യൂൾ ഓഫ് റേറ്റിൽ കരാറുകാരൻ തുടർന്ന് പണി ചെയ്യുവാൻ തയ്യാറാകില്ല എന്നതിനാലും കരാറുകാരന്റെ നഷ്ടോത്തരവാദിത്വം ഒഴിവാക്കി കരാർ റദ്ദുചെയ്യുന്നതിനും തുടർന്നുള്ള പണികൾ 2011 ഷെഡ്യൂൾ ഓഫ് റേറ്റിൽ റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ജി) ഇതോടൊപ്പമുള്ള ആറ്റിൻപുറം - പുല്ലാമല, പേരയം - പുള്ളിനട റോഡുകളുടെ പണി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

(ജി) ഈ പാക്കേജിൽ ഉൾപ്പെട്ട ആറ്റിൻപുറം - പുല്ലാമല , പേരയം -പുള്ളിനട റോഡുകളുടെ ആദ്യ മെറ്റലിംഗ് മാത്രമേ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ